## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.271 — 22.06.2012-ൽ മറുപടിയ്ക്ക്

### എം. എസ്. ഡി. പി.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. എം. ഷാജി:<br>ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി:<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:<br>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: | ശ്രീ. മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) മുസ്ലീം ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ പിന്നോക്കാവസ്ഥ അവസാനിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുളള എം. എസ്. ഡി. പി. യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) രാജ്യത്ത് ന്യൂനപക്ഷങ്ങൾ കൂടുതലായി താമസിക്കുന്നതും പിന്നോക്ക അവസ്ഥയുള്ളതുമായ ജില്ലകളുടെ സമഗ്ര വികസനത്തിനുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാർ സംസ്ഥാന ഗവണ്മെന്റിന്റെ പങ്കാളിത്തത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്രോഗ്രാം (എം.എസ്.ഡി.പി). ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലയിലെ ആരോഗ്യം, വിദ്യാഭ്യാസം, കുടിവെള്ള വിതരണം, വൈദ്യുതി, ഭവനം, റോഡ് തുടങ്ങിയ മേഖലകളുടെ വികസനത്തിലൂടെ ന്യൂനപക്ഷ വിഭാഗങ്ങളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തി അവരെ ദേശീയ ശരാശരിയിലേയ്ക്ക് ഉയർത്തിക്കൊണ്ട് വരുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. |
| (ബി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിന് എന്തെങ്കിലും പ്രായോഗിക വൈഷമ്യങ്ങൾ അനുഭവപ്പെടുന്നുണ്ടോ; എങ്കിൽ അവയെന്താണെന്ന് വ്യക്തമാക്കുമോ ; | (ബി) പദ്ധതി കാലാവധിക്കുള്ളിൽ തന്നെ (31/03/2012) കേന്ദ്ര സർക്കാർ അനുവദിച്ച 14.53 കോടി രൂപയും സംസ്ഥാന വിഹിതവും നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിക്കഴിഞ്ഞു. |
| (സി) പ്രസ്തുത പദ്ധതിക്കായി കേരളത്തിൽ നിന്ന് വയനാട് ജില്ല മാത്രമാണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;<br>(ഡി) പദ്ധതിയുടെ പ്രയോജനം അർഹരായ എല്ലാവർക്കും ലഭ്യമാകത്തക്ക വിധത്തിൽ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ? | (സി) യും (ഡി) യും ഉണ്ട്, കേന്ദ്ര ഗവൺമെന്റിന്റെ ന്യൂനപക്ഷ കാര്യ മന്ത്രാലയം രാജ്യത്തെ തെരെഞ്ഞെടുക്കപ്പെട്ട 90 ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. കേരളത്തിൽ നിന്ന് വയനാട് മാത്രമാണ് ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലയായി (MCD) തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. എം.എസ്.ഡി.പി. കേന്ദ്രാവിഷ്കൃത പദ്ധതിയാകയാൽ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തേണ്ടത് കേന്ദ്ര സർക്കാരാണ്. |

സെക്ഷൻ ആഫീസർ.